നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് സാമ്പത്തിക സഹായമായി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 718.50 കോടി രൂപ നൽകിയിട്ടുണ്ട്. എന്നിരുന്നാലും വിപണിയിലെ വ്യതിയാനം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കാറുണ്ട്. ആഗോളതലത്തിൽ ടെക്സ്റ്റൈൽ മേഖലയിലുണ്ടായ തകർച്ച മൂലമാണ് ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതീക്ഷിച്ച പ്രവർത്തന മികവ് ഉണ്ടാക്കാതിരുന്നത്.

(സി) ഉണ്ട്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ എല്ലാ സാമ്പത്തിക വർഷത്തെയും ആഡിറ്റ് റിപ്പോർട്ടും വിശദമായി വിശകലനം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പെർഫോർമൻസ് ആഡിറ്റിന്റെ ഭാഗമായും ഇടപാടുകളെക്കുറിച്ച് കമ്പ്ലയൻസ് ആഡിറ്റിന്റെ ഭാഗമായും വിശദമായ വിലയിരുത്തലും പരാമർശങ്ങളും ആഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആഡിറ്റ് റിപ്പോർട്ടിലുള്ള പരാമർശങ്ങളെക്കുറിച്ച് വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

പദ്ധതി ചെലവുകൾക്കുള്ള തുകയുടെ അപര്യാപ്തത

20 (*500) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെലവും വരുമാനവും തമ്മിലുള്ള വൻഅന്തരം പദ്ധതി പ്രവൃത്തികൾ പ്രാബല്യത്തിലാക്കുന്നതിന് പ്രതിസന്ധി സൃഷ്ടിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പദ്ധതി ചെലവുകൾക്കായി നീക്കിവച്ച തുക കണ്ടെത്താൻ സാധിക്കാത്തതിന്റെ ഫലമായി കഴിഞ്ഞ നാലുവർഷം പ്രഖ്യാപിത പദ്ധതികൾ എത്ര ശതമാനംവരെ വെട്ടിച്ചുരുക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാൻ സാധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) പന്ത്രണ്ടാം പദ്ധതി നിലവിൽ വന്ന 2012-13 വർഷം മുതലുള്ള വാർഷിക പദ്ധതി അടങ്കലും ചെലവും താഴെപ്പറയുന്നു:

(തുക കോടിയിൽ)

വർഷം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്
2012-13	14010	12181
2013-14	17000	13774
2014-15	20000	14252
2015-16	20000	1089.46*

(*30-6-2015 വരെ)

പദ്ധതി നിർവ്വഹണത്തെ സാമ്പത്തിക പ്രതിസന്ധി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാധ്യതയുള്ള വരുമാനത്തിൽ നിന്നുകൊണ്ടുമാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നതും പ്രഖ്യാപിക്കുന്നതും. പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

(ബി) പദ്ധതി ചെലവുകൾക്കായി പ്രഖ്യാപിച്ച തുകകൾ കണ്ടെത്താൻ സാധിക്കാത്തതുകാരണം പദ്ധതി പ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല.

റെയിൽവേ-വൈദ്യുതീകരണവും പാതയിരട്ടിപ്പിക്കലും

21 (*501) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതീകരണവും പാതയിരട്ടിപ്പിക്കലും സമയബന്ധിതമായി പൂർത്തീകരിക്കാത്തത്, സംസ്ഥാനത്ത് റെയിൽ ഗതാഗത മേഖലയിൽ ഉണ്ടാക്കുന്ന പ്രതിസന്ധി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly